# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4808      21.10.2011 ൽ മറുപടിക്ക്

### " കേരളാ പഞ്ചായത്ത് രാജ് നിയമം "

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ഗ്രാമപഞ്ചായത്തുകളുടെ സ്റ്റാഫ് പാറ്റേൺ ഏറ്റവും അവസാനമായി പുതുക്കിയത് എന്നാണ്; | (എ) | 30.04.1982 ലെ ജി.ഒ(എം.എസ്) നമ്പർ 85/82/എൽ.എ&എ.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരമാണ് അവസാനമായി സ്റ്റാഫ് പാറ്റേൺപുതുക്കിയത്. |
| (ബി) 1994–ലെ കേരളാ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതുമൂലം ഏതൊക്കെ അധിക ചുമതലകളാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്ത മായിട്ടുളളത്; | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനെത്തുടർന്ന് സർക്കാരിൽ നിക്ഷിപ്തമായിരുന്ന വിവിധ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തു കൊണ്ട് 18.09.1995 ലെ ജി.ഒ(പി) 189/95/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. 1994 ലെ പഞ്ചായത്ത് രാജ് നിയമ പ്രകാരം 27 അനിവാര്യ ചുമതലകളും 14 പൊതുവായ ചുമതലകളും 76 മേഖലാടിസ്ഥാനത്തി ലുളള ചുമതലകളും ഗ്രാമ പഞ്ചായത്തു കളിൽ നിക്ഷിപ്തമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 1994–ലെ കേരള പഞ്ചായത്ത് നിയമം അനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറി നൽകിയ അധികാരങ്ങളും സ്ഥാപനങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (സി) | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനെത്തുടർന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ടുള്ള സർക്കാരിന്റെ 18.09.1995 ലെ ജി.ഒ(പി) 189/95/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിന് 13 സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്തിന് 9 സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തിന് 10 സ്ഥാപനങ്ങളും കൈമാറിയിട്ടുണ്ട്. |
| (ഡി) | ഗ്രാമപഞ്ചായത്തുകളുടെ അധികചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനത്തെയും പശ്ചാത്തല സൗകര്യത്തെയും സംബന്ധിച്ച പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | ലഭ്യമല്ല |
| (ഇ) | പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്? | (ഇ) | പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ